# കേരകൃഷിയെ കുറിച്ച് പഠിക്കാൻ ട്രിനിഡാഡിൽ നിന്നുള്ള സംഘമെത്തി

കൊച്ചി: നാളികേരകൃഷിയെ കുറിച്ച് പഠിക്കാൻ കരീബിയൻ രാജ്യമായ ട്രിനിഡാഡ് ആൻഡ് ടുബാഗോയിലെ പ്രതിനിധികൾ കേരളത്തിലെത്തി. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസുമായുള്ള ചർച്ചയെ തുടർന്ന് അവിടത്തെ തെങ്ങുകൃഷിക്ക് സാങ്കേതിക സഹായം വാഗ്ദാനം ചെയ്തു.

ട്രിനിഡാഡ് ഭക്ഷ്യോത്പാദന മന്ത്രാലയത്തിലെ അഗ്രിക്കൾച്ചർ സർവീസസ് ഡയറക്ടർ നദീർ ബക്ഷ്, അഡ്വൈസറും പ്രോഗ്രാം കോ-ഓർഡിനേറ്ററുമായ നൈജൽ എ ഗ്രൈംസ് എന്നിവരാണ് തെങ്ങുകൃഷിയെ കുറിച്ച് പഠിക്കാൻ കേരളത്തിൽ എത്തിയത്. രാജ്യത്തെ കൃഷി മന്ത്രി എത്തുമെന്ന് അറിയിപ്പുണ്ടായിരുന്നെങ്കിലും അവസാന നിമിഷം യാത്ര റദ്ദാക്കുകയായിരുന്നു.



ട്രിനിഡാഡ് ആൻഡ് ടുബാഗോയിൽ നിന്നുള്ള പ്രതിനിധികൾ നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസുമായി ചർച്ച നടത്തുന്നു

ടുബാഗോയിലെ തെങ്ങ് കൃഷി, കീടബാധ കാരണവും മറ്റും പ്രതിസന്ധിയിലായ സാഹചര്യത്തിലാണ് സംഘം ഇവിടത്തെ കൃഷിരീതികൾ മനസ്സിലാക്കാൻ എത്തിയത്. ബോർഡിന്റെ പുതിയ സംരംഭങ്ങളായ, തെങ്ങുകയറ്റ പരിശീലനം നൽകുന്ന പദ്ധതിയായ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം, നാളികേര ഉത്പാദക സമിതി രൂപവത്കരണം തുടങ്ങിയവയെക്കുറിച്ച് മനസ്സിലാക്കുകയും അവിടെ ഇവ ആരംഭിക്കാൻ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുന്തിയയിനം തെങ്ങിൻതൈ ഉത്പാദനത്തിനും മറ്റും സാങ്കേതികോപദേശങ്ങൾ നൽകുന്നതിന് ട്രിനിഡാഡ് സംഘം ബോർഡിലെ വിദഗ്ധരെ ക്ഷണിച്ചു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന പക്ഷം പ്രതിനിധികളെ അയക്കാമെന്ന് ഒരു മണിക്കൂറോളം നീണ്ട യോഗത്തിൽ തിരുമാനമായി.

ട്രിനിഡാഡ് പ്രതിനിധികൾ നാളികേര വികസന ബോർഡിന്റെ നേര്യമംഗലം ഫാം, വാഴക്കുളത്തെ ടെക്നോളജി ഡവലപ്മെന്റ് സെന്റർ, നല്ലയിനം തെങ്ങിൻതൈകളുള്ള തോട്ടങ്ങൾ, തൃശ്ശൂരിലെ പാണഞ്ചേരിയിലെ സംസ്കരണ യൂണിറ്റ് എന്നിവിടങ്ങൾ സംഘം സന്ദർശിച്ചു. കേരകർഷകരുമായും സംഘം ചർച്ച നടത്തി.